# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 19**

---

## എം.ജി സർവകലാശാലയിൽ<br>പിജി, ബിഎഡ്; ഇനിയും അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളജുകളിലലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിന് ഇപ്പോൾ ഓൺലൈനിൽ അപേക്ഷിക്കാം.*

*അഫിലിയേറ്റഡ് കോളജുകളിലെ ബിഎഡ് പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകളും സ്വീകരിക്കും. ഓഗസ്റ്റ് 20ന് വൈകുന്നേരം അഞ്ചുവരെ cap.mgu.ac.inൽ രജിസ്റ്റർ ചെയ്യാം. നിലവിൽ പ്രവേശനം എടുത്തവർ അപേക്ഷിക്കേണ്ടതില്ല.*

*(പി.ആർ.ഒ/39/1957/2025)*

## പുസ്തക പ്രകാശനം 22ന്

*ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസ്സും പെർമനൻറ് ബ്ലാക്ക് പബ്ലിഷേഴ്സും അശോക സർവകലാശാലയുമായി സഹകരിച്ച് പ്രസിദ്ധീകരിച്ച 'ദലിത് ജേർണീസ് ഫോർ ഡിഗ്നിറ്റി: റിലീജിയൻ, ഫ്രീഡം, ആൻഡ് കാസ്റ്റ്' (ദലിത് സ്റ്റഡീസ് വാല്യം 2) എന്ന പുസ്തകത്തിൻറെ പ്രകാശനം ഓഗസ്റ്റ് 22ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.*

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനുമായി ചേർന്ന് ദലിത് സ്റ്റഡീസ് കളക്ടീവാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*രാവിലെ 10.30-നു കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രഫ. രാജൻ ഗുരുക്കൾ പുസ്തക പ്രകാശനവും പ്രഭാഷണവും നടത്തും.*

*പ്രൊഫ. ടി.എം. യേശുദാസൻ, ഡോ.പി.എസ്. ഷൈൻ, പ്രൊഫ. കെ.എം. സീതി, ഡോ. ജസ്റ്റിൻ വർഗീസ് എന്നിവർ സംസാരിക്കും. പുസ്തകത്തിൻറെ കോഎഡിറ്ററും ഇൻറർ യൂണിവേഴ്സിറ്റി സെൻറർ വിസിറ്റിംഗ് ഫെലോയുമായ പ്രൊഫ. പി. സനൽ മോഹൻ മോഡറേറ്ററാകും.*

*(പി.ആർ.ഒ/39/1958/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎസ്സി സ്പേസ് സയൻസ്, എംഎസ്സി കെമിസ്ട്രി ,എംഎ ഇക്കണോമെട്രിക്സ് (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

…..

*മൂന്നാം സെമസ്റ്റർ എംഎസ്സി അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, ബോട്ടണി (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1959/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**